# മിസ്റ്റിസിസം മലയാള കവിതയിൽ: മേരി ബനീഞ്ഞയുടെ കൃതികളെ ആധാരമാക്കി ഒരു പഠനം

*മഹാത്‌മഗാന്‌ധി സർവ്വകലാശാലയിൽ എം. ഫിൽ ബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്‌ധം.*

മേഴ്സി കുര്യൻ

R 8M1.09 MAR.B-M
LIBSOFT
Nirmala
T0002

സ്കൂൾ ഓഫ് ലെറ്റേഴ്സ്
മഹാത്മഗാന്ധി സർവ്വകലാശാല
കോട്ടയം-686 562
1991

## സാക്ഷ്യപത്രം

മഹാത്മാഗാന്ധി സർവകലാശാലയിൽ മാസ്റ്റർ ഓഫ് ഫിലോസഫി ബിരുദത്തിന്റെ ഭാഗികപൂരണമായി മേഴ്സി കുര്യൻ സമർപ്പിക്കുന്ന 'മിസ്റ്റിസിസം മലയാളകവിതയിൽ: മേരി ബനീഞ്ഞയുടെ കൃതികളെ ആധാരമാക്കി ഒരു പഠനം' എന്ന ഗവേഷണപ്രബന്ധം, സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഏതെങ്കിലും ഡിഗ്രിക്കോ ഡിപ്ലോമയ്ക്കോ ഫെലോഷിപ്പിനോ വേണ്ടി ഇതിനുമുൻപ് സമർപ്പിച്ചിട്ടുള്ളതല്ലെന്നും, ഇതു പൂർണ്ണമായോ, ഭാഗികമായോ ഇതിനു മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്കൂൾ ഓഫ് ലെറ്റേഴ്സ്
3-12-1991

ഡോ: കുര്യാസ്.

## ഉള്ളടക്കം


| | | | |
|---|---|---|---|
| ആമുഖം | : | | I - II |
| അദ്ധ്യായം ഒന്ന് | : | മിസ്റ്റിസിസവും മലയാള കവിതയും | 1-28 |
| അദ്ധ്യായം രണ്ട് | : | മേരി ബനീഞ്ജയുടെ കൃതികൾ-സാമാന്യാവലോകനം | 29-60 |
| അദ്ധ്യായം മൂന്ന് | : | ആത്മാവിന്റെ സ്നേഹഗീത | 61-95 |
| അദ്ധ്യായം നാല് | : | ഉപസംഹാരം | 96-102 |
| ആധാരഗ്രന്ഥസൂചി | : | | 103-107 |

# ആമുഖം

0.1. സാഹിത്യത്തിലെ പ്രമുഖപ്രസ്ഥാനങ്ങളിലൊന്നായ യോഗാത്മകത മലയാളകവിതയെയും ഒട്ടൊക്കെ സമ്പന്നമാക്കിയിട്ടുണ്ട്. യാത്രയുടെയും അന്വേഷണത്തിന്റെയും പ്രതീകങ്ങളാണ് യോഗാത്മക കവിതകളിൽ സാധാരണയായി സ്വീകരിക്കാറുള്ളത്. ഇത്തരം മലയാള കൃതികളെപ്പറ്റി ഒറ്റപ്പെട്ട ചില ലേഖനങ്ങളും സാഹിത്യചരിത്രങ്ങളിലെ പരാമർശങ്ങളും ഒഴിവാക്കിയാൽ ഗൗരവമുള്ള സമഗ്രപഠനങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

0.2. മതാനുഭൂതിയിൽ വേരുറപ്പിച്ചിരിക്കുന്ന മിസ്റ്റിസിസത്തിന്റെ മൂന്നു മുഖങ്ങൾ (ഹൈന്ദവ, ക്രൈസ്തവ, സൂഫി മിസ്റ്റിസിസങ്ങൾ) പഠിക്കുവാനും, അതിന്റെ പശ്ചാത്തലത്തിൽ മലയാളകൃതികളെ അപഗ്രഥിക്കാനുമാണ് ഒന്നാം അദ്ധ്യായത്തിൽ ശ്രമിച്ചിരിക്കുന്നത്. ഈ അപഗ്രഥനം നലം തികഞ്ഞ യോഗാത്മകത മേരി ബനീഞ്ജായുടെ കാവ്യലോകത്താണുള്ളതെന്ന് വ്യക്തമാകുന്നു.

0.3. ബനീഞ്ജാകൃതികളുടെ സാമാന്യമായ അവലോകനവും മിസ്റ്റിസിസം മുഖ്യധാരയായിത്തീർന്നിട്ടുള്ള കൃതികളുടെ ഹ്രസ്വമായ അപഗ്രഥനവുമാണ് രണ്ടാം അദ്ധ്യായം. അനിർവചനീയമായ ആദ്ധ്യാത്മികാനുഭവത്തിൽ നിന്ന് രൂപം കൊണ്ടതും, മിസ്റ്റിസിസത്തിന്റെ സമഗ്രശോഭ ഉൾക്കൊള്ളുന്നതുമായ 'ആത്മാവിന്റെ സ്നേഹഗീതയെ' സവിസ്തരം പഠിക്കുവാനാണ് മൂന്നാം അദ്ധ്യായത്തിൽ ശ്രമിച്ചിരിക്കുന്നത്.

രാഗോദയം, ശുദ്ധീകരണം പ്രകാശനം, സായൂജ്യം എന്നീ പദവികൾ പിന്നിട്ട് പരമാനന്ദകവാടത്തിലെത്തി നിൽക്കുന്ന അനുഭവമാണ് ഈ കൃതിയിലുള്ളത്. ക്രൈസ്തവ മിസ്റ്റിക്ധാരയുടെ ദാർശനിക മാനവും ശൈലിയും ബിംബങ്ങളുമാണ് ഇതിലുള്ളത്.

0.4. വിഷയനിർണ്ണയംമുതൽ ഈ ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും എനിക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സ് അദ്ധ്യാപകൻ ഡോ: കുര്യാസ് ആണ്. അദ്ദേഹത്തിനു ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഡയറക്ടർ പ്രൊ. ആർ. നരേന്ദ്രപ്രസാദ് നൽകിയ സഹകരണങ്ങളും ഞാൻ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. കൂടാതെ ഈ പ്രബന്ധം ഭംഗിയായി ടൈപ്പു ചെയ്തു തന്ന വ്യക്തിയുടെ നല്ല മനസ്സിനും നന്ദി പറയുന്നു.

സ്കൂൾ ഓഫ് ലെറ്റേഴ്സ്. മേഴ്സി കുര്യൻ.